## നിത്യ അനുഗ്രഹം—ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുന്നു

**I. 2 കൊരി. 13:14 ആണ് നമ്മുടെ ആസ്വാദനത്തിനും അവന്റെ വ്യവസ്ഥയുടെ പൂർത്തീകരണത്തിനുമായി ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകർന്നതിന്റെ നിത്യ അനുഗ്രഹം**

- പിതാവിന്റെ സ്നേഹത്തോടുകൂടിയ ക്രിസ്തുവിന്റെ കൃപയുടെ ചംക്രമണം അഥവാ പ്രസരണം എന്ന നിലയിൽ പരിശുദ്ധാത്മാവ് നമ്മുടെ ക്രിസ്തീയ ജീവിതത്തിനും സഭാ ജീവിതത്തിനുമുള്ള സഹായമാണ്
- സഭാജീവിതം പൂർണമായും നമ്മുടെ ഉള്ളിലെ ദിവ്യവും ആത്മികവുമായ ചംക്രമണത്തിന്റെ വിവരണമായ 2 കൊരിന്ത്യർ 13:14-നെ ആശ്രയിച്ചിരിക്കുന്നു
- അത് നമ്മുടെ ആത്മിക നാഡീസ്പന്ദനമാണ്

## നിത്യ അനുഗ്രഹം ആസ്വദിക്കുവാനുള്ള മാർഗം

**II. നാം ദൈവത്തിന്റെ നിത്യസ്നേഹത്തിലേക്ക് പ്രവേശിക്കുകയും നമ്മെത്തന്നെ അതിൽ സൂക്ഷിക്കുകയും വേണം (2 കൊരി. 13:14b സ്നേഹം)**

- ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിലൂടെ, തന്റെ സ്നേഹത്താൽ നമ്മെ നിവേശിപ്പിക്കുകയും, നാം അവനെയും സഹോദരന്മാരെയും സ്നേഹിക്കുന്ന സ്നേഹത്തെ നമ്മിൽ ഉളവാക്കുകയും ചെയ്തു
- ജീവൻ തിരഞ്ഞെടുക്കാനുള്ള വഴി കർത്താവിനെ സ്നേഹിക്കുകയാണെന്നും, കർത്താവിനെ സ്നേഹിക്കാനുള്ള വഴി അവന്റെ ശബ്ദം കേട്ട് അവനെ മുറുകെ പിടിക്കുകയാണെന്നും ആവർത്തനം 30:19-20 വെളിപ്പെടുത്തുന്നു
- നാം കർത്താവായ യേശുവിനെ സ്നേഹിക്കുമ്പോൾ, അവൻ തന്റെ ദിവ്യമായി സമ്പുഷ്ടമാക്കപ്പെട്ട മനുഷ്യത്വത്തിൽ ആയിരിക്കുന്നതുപോലെ നാമും ആയിത്തീരുന്നു; സമൃദ്ധനായ ദൈവം അവന്റെ സമ്പന്നമായ ഗുണങ്ങളിൽ നമ്മുടെ നറുമണമുള്ള "യേശുപരമായ" മനുഷ്യ നന്മകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു
- കർത്താവിനെ സേവിക്കുന്നവന്റെ മനുഷ്യത്വം സംരക്ഷിക്കപ്പെടുന്നത് അവൻ കർത്താവിനെ സ്നേഹിക്കുന്നതിലൂടെയാണ്

**III. നാം ക്രിസ്തുവിന്റെ കൃപയിലേക്ക് പ്രവേശിക്കുകയും അതിൽ നിന്നുകൊണ്ട് നമ്മെ കാക്കുകയും വേണം, അത് നമ്മുടെ ആസ്വാദനമായ ത്രിയേക ദൈവമാണ് (2 കൊരി. 13:14a കൃപ)**

- ദിനംപ്രതി അവന്റെ വായിൽനിന്ന് പുറപ്പെടുന്ന കൃപയുടെ വാക്കുകൾ കേൾക്കണം
- യഥാർഥ ഒരുമയിൽ നമ്മെത്തന്നെ കാക്കുന്നതിന്, സഭാ ജീവിതത്തിൽ ജീവന്റെ കൃപയുടെ ഇറങ്ങിവരുന്ന മഞ്ഞ് നാം ആസ്വദിക്കണം

**IV. നാം ദിവ്യജീവന്റെ ആന്തരിക ഒഴുക്കായ പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും അതിൽ നമ്മെത്തന്നെ സൂക്ഷിക്കുകയും വേണം (2 കൊരി. 13:14c കൂട്ടായ്മ)**

- കൂട്ടായ്മ എന്നത് ദിവ്യ ജീവൻ സ്വീകരിക്കുകയും കൈവശമാക്കുകയും ചെയ്ത എല്ലാ വിശ്വാസികളുടെയും ഉള്ളിലുള്ള നിത്യജീവന്റെ ഒഴുക്കാണ്; പുതിയ യെരൂശലേമിലെ ജീവജലനദിയുടെ ഒഴുക്കിനാൽ ഇത് ഉദാഹരിച്ചിരിക്കുന്നു
- ദിവ്യജീവന്റെ കൂട്ടായ്മയ്ക്ക് ലംബമായ ഒരു വശവും തിരശ്ചീനമായ ഒരു വശവും ഉണ്ടെന്ന് 1 യോഹന്നാൻ 1:2-3-ഉം 6-7-ഉം വെളിപ്പെടുത്തുന്നു
- നമുക്ക് കർത്താവുമായി ശരിയായ കൂട്ടായ്മ ഇല്ലെങ്കിൽ, നമ്മുടെ സഹവിശ്വാസികളുമായി കൂട്ടായ്മ ഉണ്ടായിരിക്കുവാൻ പ്രയാസമാണ്; അതുപോലെ തന്നെ, നമ്മുടെ സഹവിശ്വാസികളുമായി നമുക്ക് ശരിയായ കൂട്ടായ്മ ഇല്ലെങ്കിൽ, കർത്താവുമായി കൂട്ടായ്മ ഉണ്ടായിരിക്കുവാൻ പ്രയാസമാണ്; ഇതിനുള്ള കാരണം ദിവ്യ കൂട്ടായ്മ ഏക കൂട്ടായ്മയാകുന്നു എന്നതാണ്
- തിരശ്ചീനമായ കൂട്ടായ്മ ലംബമായ കൂട്ടായ്മയുമായി ഇടകലർന്നിരിക്കുന്നു; ഈ ഇടകലർന്ന കൂട്ടായ്മയാണ് യഥാർഥ കൂട്ടായ്മ

## ക്രിസ്തീയ ജീവിതത്തിൽ ദിവ്യ കൂട്ടായ്മ സകലതുമാണ്

**V. ദിവ്യ കൂട്ടായ്മ ക്രിസ്തീയ ജീവിതത്തിൽ സകലതുമാണ്; കൂട്ടായ്മ അപ്രത്യക്ഷമാകുമ്പോൾ ദൈവവും അപ്രത്യക്ഷമാകുന്നുവെന്ന് നാം മനസ്സിലാക്കണം; ദൈവം കൂട്ടായ്മയായി വരുന്നു**

- വൈദ്യുതിയുടെ പ്രവാഹം വൈദ്യുതി തന്നെയായിരിക്കുന്നതുപോലെ, ദിവ്യജീവന്റെ കൂട്ടായ്മ, ദിവ്യജീവന്റെ ഒഴുക്ക്, ദിവ്യജീവൻ തന്നെയാണ്
- നമ്മുടെ ക്രിസ്തീയ ജീവിതം ജീവന്റെ കൂട്ടായ്മയിലുള്ള ഒരു ജീവിതമാണ്; ഒടുവിൽ, ഈ ദിവ്യ കൂട്ടായ്മയിൽ ദൈവം നമ്മോടുകൂടെ ഇടകലരുന്നു; ഈ ഇടകലരൽ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരലാണ്
- ദിവ്യ കൂട്ടായ്മ എന്നത് ത്രിയേക ദൈവം ത്രിഭാഗീയ മനുഷ്യരായ നമ്മിലേക്ക് പകർന്ന്, നമ്മെയും ദൈവത്തെയും ഒന്നാക്കുന്നതാണ്
- ദിവ്യ കൂട്ടായ്മ ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യമാണ്
- കൂട്ടായ്മ എന്നത് സ്വകാര്യ താൽപര്യങ്ങളെ മാറ്റിവച്ച് ഒരു പ്രത്യേക പൊതു ഉദ്ദേശ്യത്തിനായി മറ്റുള്ളവരോട് ചേരുന്നതിനെയും സൂചിപ്പിക്കുന്നു
- ഒടുവിൽ, സഭയും ദിവ്യ ത്രിത്വവും കൂട്ടായ്മയിൽ ഒന്നാകുന്നു

## ജീവന്റെ പക്വതയിലെക്ക് നമ്മെ കൊണ്ടുവരുന്ന ആത്മിക ജീവിതത്തിലെ ചക്രം

**VI. ദിവ്യ കൂട്ടായ്മയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, നമ്മുടെ ആത്മിക ജീവിതത്തിൽ നാല് നിർണായക കാര്യങ്ങളുടെ ഒരു ചക്രം നാം തുടർച്ചയായി അനുഭവമാക്കുന്നു—നിത്യജീവൻ, നിത്യജീവന്റെ കൂട്ടായ്മ, ദിവ്യ വെളിച്ചം, ദൈവപുത്രനായ യേശുവിന്റെ രക്തം; ഇപ്രകാരമുള്ള ചക്രം, നാം പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് സംഘാതമായി എത്തിച്ചേരുവാൻ ജീവന്റെ പക്വതയിലെത്തുന്നതുവരെ ദിവ്യ ജീവന്റെ വളർച്ചയിൽ നമ്മെ മുന്നോട്ട് കൊണ്ടുപോകുന്നു**